1. വിദ്യാഭ്യാസം
2. വിവാഹം
3. പ്രസവ ധനസഹായം
4. സ്ഥിരാസ്വാധീനം
5. താൽക്കാലികാസ്വാധീനം
6. ചികിത്സാ ധനസഹായം
7. അപകട മരണം
8. ശവസംസ്കാരം
9. പെൻഷൻ
10. കുടുംബ പെൻഷൻ

(ഇ) കയർ തൊഴിലാളികൾക്ക് പ്രതിമാസം 600 രൂപാ നിരക്കിൽ പെൻഷൻ അനുവദിച്ചുവരുന്നു. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കയർ തൊഴിലാളികളുടെ പുനരധിവാസം

181(3064) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട കയർ തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കായും നീക്കിവച്ച തുകയെത്രയെന്നും പ്രസ്തുത ഇനത്തിലെ ചെലവെത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർ തൊഴിലാളികളുടെ ഉന്നമനത്തിനും കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയുടെ സമഗ്ര വികസനത്തിനുമായി നിലവിലുള്ള താഴെ പറയുന്ന പദ്ധതികളെല്ലാം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.

3. കയറും കയറുല്പന്നങ്ങളുടെയും വില്പനക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (MDA) നൽകി വരുന്നു.

4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.

5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.

6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉല്പാദനവും വിപണന പ്രചോദനവും (PM) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകി വരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ സംസ്ഥാനത്തെ കയർ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും ' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച്, ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമായാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ മേഖലയിൽ നടപ്പുവർഷം ഓരോ പദ്ധതിക്കായും നീക്കിവച്ച തുകയേയും ഓരോ ഇനത്തിലും 2015 ഡിസംബർ 4 വരെയുള്ള ചെലവിനേയും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

എ.പി.എൽ./ബി.പി.എൽ. മാനദണ്ഡങ്ങൾ-പുതിയ റേഷൻ കാർഡ്

182(3065) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുടമകളിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങളെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ബി.പി.എൽ. വിഭാഗങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് റേഷൻ കടകൾവഴി ലഭ്യമാക്കുന്നത്;

(സി) നിലവിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ. വിഭാഗത്തിലേക്ക് മാറ്റി നൽകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ., 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ഭ.സി.സ.വ. എന്നീ ഉത്തരവുകൾക്ക് അനുസൃതമായാണ് ദേശീയഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കുന്നത്.

(ബി) നിലവിൽ ബി.പി.എൽ. വിഭാഗത്തിന് പ്രതിമാസം 25 കിലോ അരി 1 രൂപ നിരക്കിലും 7 കിലോ ഗോതമ്പ് 2 രൂപ നിരക്കിലും, കാർഡിലെ ഒരംഗത്തിന് 400 ഗ്രാം പഞ്ചസാരയും, വൈദ്യുതീകരിച്ച വീടുകൾ ഉള്ള കാർഡുടമകൾക്ക് 1 ലിറ്റർ മണ്ണെണ്ണയും അല്ലാത്തവർക്ക് 4 ലിറ്റർ മണ്ണെണ്ണയും ലഭിക്കുന്നുണ്ട്.

(സി) 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം;

1. ആശ്രയ വിഭാഗത്തിൽ ഉൾപ്പെട്ടവർ
2. മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
3. ഓട്ടിസം ബാധിച്ചവർ
4. ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly